**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3502** **12-03-2025 - ൽ മറുപടിയ്ക്ക്**

## അടയ്ക്കയുടെ വിളവ് കുറഞ്ഞതുമൂലമുള്ള പ്രതിസന്ധി പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** |

**ചോദ്യം (എ)** അടയ്ക്കയുടെ വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**ഉത്തരം (എ)** സാമ്പത്തിക സ്ഥിതി വിവര വകുപ്പിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അടയ്ക്കയുടെ മാർക്കറ്റ് വിലയുടെ 2022 മുതലുള്ള വർഷങ്ങളിലെ വാർഷിക ശരാശരി ചുവടെ ചേർക്കുന്നു. 2024 വർഷത്തിൽ മാർക്കറ്റ് വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**അടയ്ക്കയുടെ മാർക്കറ്റ് വിലയുടെ വാർഷിക ശരാശരി**

| ഇനം | 2022 | 2023 | 2024 |
|---|---|---|---|
| അടയ്ക്ക (പാകമായത്) - 1000 എണ്ണം | 4053.1 | 3873.71 | 4064.73 |
| അടയ്ക്ക (പാകമായത്) - ക്വിന്റൽ | 7595.35 | 7088.19 | 7094.67 |
| അടയ്ക്ക (പാകമാകാത്തത്) - ക്വിന്റൽ | 16015 | 16073.33 | 16865 |

**ചോദ്യം (ബി)** മികച്ച വില ലഭിക്കുമ്പോഴും അടയ്ക്കയുടെ വിളവ് കുറഞ്ഞത് മലയോര കർഷകരെ പ്രതിസന്ധിയിലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**ഉത്തരം (ബി)** കഴിഞ്ഞ രണ്ടു വർഷമായി കവുങ്ങുകൾക്കു ഇലപ്പുള്ളി രോഗവും തുടർന്നുള്ള പൂങ്കുല കരിച്ചിലും വ്യാപകമായി പിടിപെട്ടത് അടക്കയുടെ വിളവ് കുറയാൻ കാരണമായി. ഇതിനുള്ള പ്രതിവിധിയായി കോപ്പർ അധിഷ്ഠിത കുമിളനാശിനികളായ കോപ്പർ ഓക്സായി ക്ലോറൈഡ് 0.25% അല്ലെങ്കിൽ മാൻകോസെബ് 0.2% എന്നിവ പ്രയോഗിക്കുന്നതിനു കർഷകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇലപ്പുള്ളി രോഗവും തുടർന്നുള്ള പൂങ്കുല കരിച്ചിലും കൂടുതലായി കാണുന്നത് കുന്നിൻ ചരിവിൽ നട്ട കവുങ്ങുകൾക്കാണ്. സ്ഥിരമായി കുമ്മായ പ്രയോഗം നടത്തി ജൈവവളം, രാസവളം സമീകൃതമായി നൽകുന്ന തോട്ടങ്ങളിൽ ഇലപ്പുള്ളി രോഗവും പൂങ്കുല കരിച്ചിലും നിയന്ത്രണവിധേയമാകുകയും വിളവ് കൂടുതൽ ലഭിക്കുന്നതായും കേരള കാർഷിക സർവകലാശാലയുടെ പരീക്ഷണ നിരീക്ഷണങ്ങൾ ചൂണ്ടികാണിക്കുന്നു. ഇതിനോടൊപ്പം സംയോജിത രോഗനിയന്ത്രണമാർഗ്ഗങ്ങൾ കൂടി സ്വീകരിക്കുകയാണെങ്കിൽ പൂർണ്ണനിയന്ത്രണവും സാധ്യമാണ്. നിലവിൽ അഗ്രി ക്ലിനിക്കുകൾ കർഷകർക്കായി സംഘടിപ്പിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (സി) | അടയ്ക്കയുടെ വിളവ് ഗണ്യമായി കുറഞ്ഞതോടെ വിലയുടെ ഗുണം ലഭിക്കാത്ത കർഷകരെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | കഴിഞ്ഞ രണ്ടു വർഷമായി കവുങ്ങുകൾക്കു ഇലപ്പുള്ളി രോഗവും തുടർന്നുള്ള പൂങ്കുല കരിച്ചിലും വ്യാപകമായി പിടിപെട്ടത് അടക്കയുടെ വിളവ് കുറയാൻ കാരണമായി. ഇതിനുള്ള പ്രതിവിധിയായി കോപ്പർ അധിഷ്ഠിത കുമിളനാശിനികളായ കോപ്പർ ഓക്സായി ക്ലോറൈഡ് 0.25% അല്ലെങ്കിൽ മാൻകോസെബ് 0.2% എന്നിവ പ്രയോഗിക്കുന്നതിനു കർഷകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഇലപ്പുള്ളി രോഗവും തുടർന്നുള്ള പൂങ്കുല കരിച്ചിലും കൂടുതലായി കാണുന്നത് കുന്നിൻ ചരിവിൽ നട്ട കവുങ്ങുകൾക്കാണ്. സ്ഥിരമായി കുമ്മായ പ്രയോഗം നടത്തി ജൈവവളം, രാസവളം സമീകൃതമായി നൽകുന്ന തോട്ടങ്ങളിൽ ഇലപ്പുള്ളി രോഗവും പൂങ്കുല കരിച്ചിലും നിയന്ത്രണവിധേയമാകുകയും വിളവ് കൂടുതൽ ലഭിക്കുന്നതായും കേരള കാർഷിക സർവകലാശാലയുടെ പരീക്ഷണ നിരീക്ഷണങ്ങൾ ചൂണ്ടികാണിക്കുന്നു. ഇതിനോടൊപ്പം സംയോജിത രോഗനിയന്ത്രണമാർഗ്ഗങ്ങൾ കൂടി സ്വീകരിക്കുകയാണെങ്കിൽ പൂർണ്ണനിയന്ത്രണവും സാധ്യമാണ്. നിലവിൽ അഗ്രി ക്ലിനിക്കുകൾ കർഷകർക്കായി സംഘടിപ്പിക്കുന്നുണ്ട്. |
| (ഡി) | കഴിഞ്ഞ രണ്ടുവർഷമായി കവുങ്ങുകൾക്ക് ഇലപ്പുള്ളി രോഗവും തുടർന്നുള്ള പൂങ്കുല കരിച്ചിലും വ്യാപകമായി പിടിപെട്ടതാണ് അടയ്ക്കയുടെ വിളവ് കുറയാൻ കാരണമായതെന്നത് വസ്തുതയാണോ; എങ്കിൽ എന്ത് പ്രതിവിധികളാണ് പ്രസ്തുത വിഷയത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (ഡി) | കഴിഞ്ഞ രണ്ടു വർഷമായി കവുങ്ങുകൾക്കു ഇലപ്പുള്ളി രോഗവും തുടർന്നുള്ള പൂങ്കുല കരിച്ചിലും വ്യാപകമായി പിടിപെട്ടത് അടക്കയുടെ വിളവ് കുറയാൻ കാരണമായി. ഇതിനുള്ള പ്രതിവിധിയായി കോപ്പർ അധിഷ്ഠിത കുമിളനാശിനികളായ കോപ്പർ ഓക്സായി ക്ലോറൈഡ് 0.25% അല്ലെങ്കിൽ മാൻകോസെബ് 0.2% എന്നിവ പ്രയോഗിക്കുന്നതിനു കർഷകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഇലപ്പുള്ളി രോഗവും തുടർന്നുള്ള പൂങ്കുല കരിച്ചിലും കൂടുതലായി കാണുന്നത് കുന്നിൻ ചരിവിൽ നട്ട കവുങ്ങുകൾക്കാണ്. സ്ഥിരമായി കുമ്മായ പ്രയോഗം നടത്തി ജൈവവളം, രാസവളം സമീകൃതമായി നൽകുന്ന തോട്ടങ്ങളിൽ ഇലപ്പുള്ളി രോഗവും പൂങ്കുല കരിച്ചിലും നിയന്ത്രണവിധേയമാകുകയും വിളവ് കൂടുതൽ ലഭിക്കുന്നതായും കേരള കാർഷിക സർവകലാശാലയുടെ പരീക്ഷണ നിരീക്ഷണങ്ങൾ ചൂണ്ടികാണിക്കുന്നു. ഇതിനോടൊപ്പം സംയോജിത രോഗനിയന്ത്രണമാർഗ്ഗങ്ങൾ കൂടി സ്വീകരിക്കുകയാണെങ്കിൽ പൂർണ്ണനിയന്ത്രണവും സാധ്യമാണ്. നിലവിൽ അഗ്രി ക്ലിനിക്കുകൾ കർഷകർക്കായി സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ